**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വിളപ്പിൽ പഞ്ചായത്ത് - ശാസ്താംപാറ ടൂറിസം പദ്ധതി 2016 – ഓണം വാരാഘോഷം സമീപ പഞ്ചായത്തുകളിൽ നിന്നും സംഭാവന - യഥേഷ്ടാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 2684/2016/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 09.09.2016

---

പരാമർശം:- വിളപ്പിൽ പഞ്ചായത്ത് പ്രസിഡന്റിന്റെ 16.08.2016 തീയതിയിലെ എ 2-5046/16 നമ്പർ കത്ത്.

## ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽ ഗ്രാമപഞ്ചായത്തിൽ ശാസ്താംപാറ ടൂറിസം പദ്ധതി ഓണം വാരാഘോഷത്തിന്റെ നടത്തിപ്പിനായി നേമം ബ്ലോക്കു പഞ്ചായത്ത്, സമീപ പഞ്ചായത്തുകളായ വിളവൂർക്കൽ, മലയിൻകീഴ്, പള്ളിച്ചൽ, ബാലരാമപുരം, മാറനല്ലൂർ, പൂവച്ചൽ, വെള്ളനാട്, അരുവിക്കര എന്നിവിടങ്ങളിൽ നിന്നും 15,000/- രൂപ സംഭാവന ലഭിക്കുന്നതിനുള്ള അനുമതി നൽകണമെന്നാണ് പരാമർശകത്തു പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. വിളപ്പിൽ ഗ്രാമപഞ്ചായത്തിൽ ശാസ്താംപാറ ടൂറിസം പദ്ധതി ഓണം വാരാഘോഷത്തിന്റെ നടത്തിപ്പിനായി നേമം ബ്ലോക്കു പഞ്ചായത്ത്, സമീപ പഞ്ചായത്തുകളായ വിളവൂർക്കൽ, മലയിൻകീഴ്, പള്ളിച്ചൽ, ബാലരാമപുരം, മാറനല്ലൂർ, പൂവച്ചൽ, വെള്ളനാട്, അരുവിക്കര എന്നിവിടങ്ങളിൽ നിന്നും 15,000/- രൂപ (പതിനയ്യായിരം രൂപ മാത്രം) വീതം അവരുടെ ഭരണസമിതി തീരുമാനത്തിന് വിധേയമായി സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

സംഭാവന നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആഡിറ്റ് ചെയ്ത വരവുചെലവു കണക്കുകളുടെ അടിസ്ഥാനത്തിൽ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

വിജയകുമാർ ടി.പി.,

സ്പെഷ്യൽ സെക്രട്ടറി.

പ്രസിഡന്റ്/സെക്രട്ടറി, വിളപ്പിൽ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം

പ്രസിഡന്റ്/സെക്രട്ടറി, വിളവൂർക്കൽ/ മലയിൻകീഴ്/ പള്ളിച്ചൽ/ബാലരാമപുരം/ മാറനല്ലൂർ/ പൂവച്ചൽ/ വെള്ളനാട്/ അരുവിക്കര ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.

എക്സി. ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ, (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്)

ധനകാര്യ വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

Liya

**സെക്ഷൻ ഓഫീസർ.**